©
Government of Kerala
1981

Reg. No. KL/TV(N)/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVI] Trivandrum, Wednesday, 21st January 1981 / 1st Magha 1902 [No. 55

കേരള സർക്കാർ

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്—സി) വകുപ്പ്

നമ്പർ 91706/Estt. C5/80/Fin.

തിരുവനന്തപുരം, തീ: ൻ, 1981 ജനുവരി 20.

വിജ്ഞാപനം

1. ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ കുത്തിയതോട് ആസ്ഥാനമാക്കി ഈ വിജ്ഞാപനം ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനുശേഷം സർക്കാർ നിശ്ചയിക്കുന്ന തീയതിമുതൽ പുതിയ ഒരു സബ് ട്രഷറി പ്രവർത്തിച്ചു തുടങ്ങുന്നതാണ്.

2. താഴെ പറയുന്ന പഞ്ചായത്തുകൾ ഈ ട്രഷറിയുടെ അധികാര പരിധിയിൽ വരുന്നതാണ്.

1. തുറവൂർ പഞ്ചായത്ത്
2. കുത്തിയതോട് പഞ്ചായത്ത്
3. കോടംതുരുത്തു പഞ്ചായത്ത്
4. എഴുപുന്ന പഞ്ചായത്ത്
5. അരൂർ പഞ്ചായത്ത്

പെൻഷൻ, സേവിംഗ്സ് ബാങ്ക് മുതലായ എല്ലാവിധ
ഈ ട്രഷറി കൗണ്ടർ മുഖേന നടത്തുന്നതാണ്.

3. കുത്തിയതോട് സബ്ട്രഷറി തുറന്നു പ്ര
മുതൽ രണ്ടാം ഖണ്ഡികയിൽ പ്രതിപാദിക്കുന്ന പഞ്ചാ
പണമിടപാടുകൾ പ്രസ്തുത ട്രഷറി മുഖേന നടക്കു

സ്റ്റാമ്പുകൾ, കറുപ്പ്, കഞ്ചാവ് മുതലായവയും വിൽപ്പനയ്ക്കുള്ള ഫാറങ്ങളും ഈ ട്രഷറിയിൽനിന്നും വിതരണം ചെയ്യുന്നതാണ്. കൂടാതെ ട്രഷറികോഡ് I-ാം വാല്യം, 157-ം 158-ം ചട്ടങ്ങൾ അനുസരിച്ച് ഡിപ്പാർട്ടുമെൻറ് കാഷ് ചെസ്റ്റും മററു വിലപിടിപ്പുള്ള സാധനങ്ങളും പുതിയ സബ് ട്രഷറിയിൽ സൂക്ഷിക്കുവാൻ സ്വീകരിക്കുന്നതാണ്. മേൽ വിവരിച്ച പ്രദേശാതിർത്തിക്കുള്ളിൽ സർക്കാരിൽനിന്നും ലഭിക്കുവാനുള്ള പണം ബന്ധപ്പെട്ട മേലധികാരികളുടെ പ്രത്യേകാനുമതി കൂടാതെ കുത്തിയതോട് സബ് ട്രഷറിയിൽ നിന്നല്ലാതെ മററൊരു ട്രഷറിയിൽ നിന്നും നൽകുന്നതല്ല.

4. ഈ മേഖലയിലെ പേഴ്സണൽ ഡിപ്പോസിററ്, ലോക്കൽ ഫണ്ട് ഡിപ്പോസിററ്, ജുഡീഷ്യൽ ഡിപ്പോസിററ് മുതലായ അക്കൗണ്ടുകൾ അതാതു അഡ്മിനിസ്ട്രേററർമാർക്ക് ഇപ്പോൾ ഇടപാടുകൾ നടന്നുവരുന്ന ട്രഷറികളുമായി തുടർന്നു നടത്താവുന്നതും അക്കൗണ്ടൻറ് ജനറലിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് കുത്തിയതോട് ട്രഷറിയിലേക്ക് മാററാവുന്നതുമാണ്. അതുപോലെതന്നെ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും മററും പേരിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ അവരവരുടെ താൽപ്പര്യാനുസരണം കുത്തിയതോട് സബ് ട്രഷറിയിലേക്ക് നിയമാനുസരണം മാററുന്നതുവരെ ഇപ്പോൾ ഇടപാടുകൾ നടന്നുവരുന്ന ട്രഷറികൾ മുഖേനതന്നെ തുടർന്നു നടത്താവുന്നതുമാണ്. ഈ പ്രദേശങ്ങളിലെ മണിയോർഡർ ഒഴിച്ചുള്ള പെൻഷൻ വിതരണവും കുത്തിയതോട് സബ് ട്രഷറിയിലേക്ക് നിയമാനുസരണം മാററുന്നതുവരെ പഴയതുപോലെതന്നെ തുടരുന്നതാണ്. എന്നാൽ മണിയോർഡർ പെൻഷൻ കുത്തിയതോട് സബ്ട്രഷറി തുറന്നുപ്രവർത്തിക്കുന്ന തീയതി മുതൽതന്നെ അവിടേക്ക് മാററപ്പെടുന്നതാണ്.

5. കുത്തിയതോട് സബ്ട്രഷറിയുടെ അധികാരപരിധിയിൽപ്പെടാത്ത സ്ഥാപനങ്ങൾക്കും ഈ ട്രഷറിയുമായി ഇടപാട് നടത്തണമെന്നുണ്ടെങ്കിൽ അതിന് സർക്കാരിൽ നിന്നോ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാരിൽ നിന്നോ പ്രത്യേകാനുമതി വാങ്ങിയിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ആജ്ഞാനുസരണം,

എസ്. പത്മകുമാർ,

ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

ISSUED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1981